## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1013** **05.02.2020-ൽ മറുപടിക്ക്**

## മെറ്റേണിറ്റി ബെനഫിറ്റ് ആക്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.ഷാനിമോൾ ഉസ്മാൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) മെറ്റേണിറ്റി ബെനഫിറ്റ് നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ മേഖലകളിലും പ്രാബല്യത്തിലാക്കുന്നതിന് സർക്കാരിന് ഇതിനകം സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് നിയമ പ്രകാരമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ മേഖലകളിലും പ്രാബല്യത്തിലാക്കുന്നതിന് സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2017-ലെ പ്രസവാനുകൂല്യ ഭേദഗതി നിയമ പ്രകാരം പ്രസവകാല അവധി 12 ആഴ്ച്ച എന്നത് 26 ആഴ്ച്ച ആക്കിയിട്ടുണ്ട്. ഇത് പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിലും ബാധകമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ സ്വകാര്യ/അൺഎയ്ഡഡ് സ്കൂളുകളിലെ സ്ത്രീ ജീവനക്കാരെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്റ്റിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നിയമത്തിലെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ മേഖലകളിലും പ്രാബല്യത്തിലാക്കി അതനുസരിച്ചുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) ഇത് സംബന്ധിച്ച് ബഹു.മനുഷ്യാവകാശ കമ്മീഷനിൽ നിന്നും തൊഴിൽ വകുപ്പിനു നാളിതുവരെ നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. |

| | |
|---|---|
| (സി) 51 സ്ത്രീകളിൽ കൂടുതൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ആറു മാസം മുതൽ ആറ് വയസ്സുവരെ ഉള്ള കുട്ടികളുടെ സംരക്ഷണത്തിനായി ക്രഷ് സംവിധാനം ഒരുക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) 2015-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി റൂൾസ് 6(ഡി) പ്രകാരം 20 സ്ത്രീ തൊഴിലാളികളിൽ കൂടുതലുള്ള സ്ഥാപനങ്ങളിൽ തൊഴിലുടമ ക്രഷ് സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. 1961 ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിൽ 2017 ൽ കേന്ദ്രം കൊണ്ടു വന്ന ഭേദഗതിക്ക് അനുസൃതമായി 1964 ലെ കേരള മെറ്റേണിറ്റി ബെനിഫിറ്റ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.